**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *47** | **03-03-2020-ൽ മറുപടിക്ക്**

## വിനോദസഞ്ചാരമേഖലയിലെ സംരംഭകർക്ക് പ്രോത്സാഹനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.എം. കെ. മുനീർ<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>,, പി.ഉബൈദുള്ള<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാരമേഖലയിലെ വിവിധ തരത്തിൽപ്പെടുന്ന സംരംഭകർക്ക് പ്രോത്സാഹനം നല്കുന്നതിനുള്ള പദ്ധതികളുടെ വിശദവിവരം വെളിപ്പെടുത്തുമോ; | (എ) | വിനോദസഞ്ചാര മേഖലയിലെ വിവിധ തരത്തിൽപ്പെടുന്ന സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br>**ഹോം സ്റ്റേ**<br>കേരളത്തിലെ ജീവിതരീതിയും സംസ്കാരവും അടുത്തറിയുന്നതിനും അനുഭവവേദ്യമാകുന്നതിനും തനതു ഭക്ഷണരീതി പരിചയപ്പെടുന്നതിനും അതിലൂടെ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും വേണ്ടിയാണ് ഹോംസ്റ്റേ എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. നിലവിലുള്ള ഉത്തരവ് പ്രകാരം വീട്ടുടമസ്ഥനുമാത്രമേ ഈ ക്ലാസിഫിക്കേഷൻ അനുവദിക്കുകയുള്ളൂ. പരമാവധി ആറ് മുറികൾ വരെ ഇതുപ്രകാരം സഞ്ചാരികൾക്ക് അനുവദിക്കാവുന്നതാണ്.<br>വാടകയ്ക്കോ പാട്ടക്കരാർ (ലീസ്) പ്രകാരമോ ഉള്ള കെട്ടിടങ്ങൾക്ക് ഹോംസ്റ്റേ ക്ലാസിഫിക്കേഷന് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. |

| | | | |
|---|---|---|---|
| | | | വീട്ടുടമസ്ഥൻ നിർബന്ധമായും ഈ വീട്ടിൽ താമസമുണ്ടായിരിക്കണം. നിലവിൽ താമസമുള്ള വീടുകൾക്കാണ് ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ അനുവദിക്കുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശ-പ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിക്കുന്നവർക്ക് മാത്രമേ ഇതിന് അപേക്ഷിക്കുവാൻ അർഹതയുള്ളൂ.<br>**സർവ്വീസ്ഡ് വില്ല**<br>കേരളത്തിലെ ജീവിതരീതിയും സംസ്കാരവും അടുത്തറിയുന്നതിനും അനുഭവവേദ്യമാകുന്നതിനും തനതു ഭക്ഷണരീതി പരിചയപ്പെടുന്നതിനും അതിലൂടെ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും വേണ്ടിയാണ് സർവ്വീസ്ഡ് വില്ല എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.<br>സ്വാതന്ത്ര്യവും താമസയോഗ്യവുമായ കേരളത്തിന്റെ പാരമ്പര്യ മാതൃകയിൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് സർവ്വീസ്ഡ് വില്ല ക്ലാസിഫിക്കേഷന് അപേക്ഷിക്കാവുന്നതാണ്. ഒരു മുറി മുതൽ പരമാവധി ആറ് മുറി വരെ ഇഉപ്രകാരം സഞ്ചാരികൾക്കായി അനുവദിക്കാവുന്നതാണ്. ഇംഗ്ലീഷ് ഭാഷ സംസാരിക്കാൻ അറിയാവുന്ന ഒരു വ്യക്തി സേവനങ്ങൾക്കായി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആധുനിക സൗകര്യങ്ങളോട്ടുകൂടിയ അടുക്കളയും ഒരു പാചകക്കാരനും ഇത്തരം വില്ലകളിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിക്കുന്നവർക്ക് മാത്രമേ ഇതിന് അപേക്ഷിക്കുവാൻ അർഹതയുള്ളൂ. |

**ഫാം ടൂറിസം**

കേരളത്തിന്റെ കാർഷിക സംസ്കാരം വിദേശ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനും അതിലൂടെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും സഞ്ചാരികളെ ആകർഷിക്കുന്നതിനും വേണ്ടിയാണ് ഗ്രീൻ ഫാം ടൂറിസം എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കുറഞ്ഞത് 10 ഏക്കർ സ്ഥലമുള്ള വ്യക്തിക്ക് ഫാം ടൂറിസത്തിനും 50 ഏക്കർ സ്ഥലമുള്ളവർക്ക് പ്ലാന്റേഷനും അപേക്ഷിക്കാവുന്നതാണ്. സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിക്കുന്നവർക്ക് മാത്രമേ ഇതിന് അപേക്ഷിക്കുവാൻ അർഹതയുള്ളൂ.

**ആയുർവേദ ക്ലാസിഫിക്കേഷൻ**

കേരളത്തിലെ ആയുർവേദചികിത്സാ രീതികൾ വിദേശികൾക്ക് പരിചയപ്പെടുത്തുന്നതിനും ആയുർവേദ ചികിത്സയുടെ ഗുണമേന്മയും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുമായി ആയുർവേദ ക്ലാസിഫിക്കേഷൻ പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു.

**ഹൗസ്ബോട്ട് ക്ലാസിഫിക്കേഷൻ**

ഹൗസ്ബോട്ടുമായി ബന്ധപ്പെട്ട് ടൂറിസം ഉൽപന്നം എന്ന നിലയിൽ, ഹൗസ്ബോട്ടുകൾക്ക് ക്ലാസിഫിക്കേഷൻ നൽകുന്ന ഒരു പദ്ധതി ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നു.

മേൽ സൂചിപ്പിച്ച പദ്ധതികൾ പ്രകാരം ക്ലാസിഫിക്കേഷൻ നൽകുന്ന യൂണിറ്റുകളുടെ വിവരം കേരള ടൂറിസത്തിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തുകയും അതുവഴി വിപണനം

| | | | |
|---|---|---|---|
| | | | ചെയ്യുവാനുള്ള സൗകര്യം ടൂറിസം വകുപ്പ് ഒരുക്കുകയും ചെയ്യുന്നു. |
| (ബി) | സംരംഭകർക്കുള്ള വിവിധ അനുമതികൾ കാലതാമസവും ബുദ്ധിമുട്ടുമില്ലാതെ ലഭിക്കുന്നതിന് പ്രശ്നങ്ങൾ നിലനില്ക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | സംരംഭകർക്ക് കാലതാമസവും ബുദ്ധിമുട്ടുമില്ലാതെ മേൽ പദ്ധതികൾക്ക് അനുമതി നൽകി വരുന്നു. മാത്രമല്ല പ്രസ്തുത വ്യവസ്ഥകളിൽ പ്രായോഗികമല്ലാത്തതും കാലാനുസൃതമല്ലാത്തവയും പരിഷ്കരിക്കാൻ വകുപ്പ് നടപടി എടുത്തു വരുന്നുണ്ട്. അതിന്റെ ഭാഗമായി ഹോംസ്റ്റേ നൽകുന്നതുമായി ബന്ധപ്പെട്ട് 2020-ൽ പുതുക്കിയ ഉത്തരവ് നിലവിൽ വന്നിട്ടുണ്ട്. ആയുർവേദ ക്ലാസിഫിക്കേഷനുമായി ബന്ധപ്പെട്ട് 2019-ൽ പുതുക്കിയ ഉത്തരവ് നിലവിൽ വന്നിട്ടുണ്ട്. |
| (സി) | ഹോം സ്റ്റേ, ടൂറിസ്റ്റ് വില്ലാ പ്രോജക്റ്റ്, ഫാം ടൂറിസം എന്നിവക്ക് അനുമതി നല്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (സി) | **<u>ഹോം സ്റ്റേ</u>**<br>കേരളത്തിലെ ജീവിതരീതിയും സംസ്കാരവും അടുത്തറിയുന്നതിനും അനുഭവവേദ്യമാകുന്നതിനും തനതു ഭക്ഷണരീതി പരിചയപ്പെടുന്നതിനും അതിലൂടെ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും വേണ്ടിയാണ് ഹോംസ്റ്റേ എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം വീട്ടുടമസ്ഥനുമാത്രമേ ഈ ക്ലാസിഫിക്കേഷൻ അനുവദിക്കുകയുള്ളൂ. പരമാവധി ആറ് മുറികൾ വരെ ഇതുപ്രകാരം സഞ്ചാരികൾക്ക് അനുവദിക്കാവുന്നതാണ്.<br>വാടകയ്ക്കോ പാട്ടക്കരാർ (ലീസ്) പ്രകാരമോ ഉള്ള കെട്ടിടങ്ങൾക്ക് ഹോംസ്റ്റേ ക്ലാസിഫിക്കേഷന് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. വീട്ടുടമസ്ഥൻ നിർബന്ധമായും ഈ വീട്ടിൽ താമസമുണ്ടായിരിക്കണം. നിലവിൽ താമസമുള്ള വീടുകൾക്കാണ് ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ അനുവദിക്കുന്നത്. |

| | | | |
|---|---|---|---|
| | | | **<u>സർവ്വീസ്ഡ് വില്ല</u>**<br><br>കേരളത്തിലെ ജീവിതരീതിയും സംസ്കാരവും അടുത്തറിയുന്നതിനും അനുഭവവേദ്യമാകുന്നതിനും തനതു ഭക്ഷണരീതി പരിചയപ്പെടുന്നതിനും അതിലൂടെ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും വേണ്ടിയാണ് സർവ്വീസ്ഡ് വില്ല എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. സ്വതന്ത്രവും താമസയോഗ്യവുമായ കേരളത്തിന്റെ പാരമ്പര്യ മാതൃകയിൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് സർവ്വീസ്ഡ് വില്ല ക്ലാസിഫിക്കേഷന് അപേക്ഷിക്കാവുന്നതാണ്. ഒരു മുറി മുതൽ പരമാവധി ആറ് മുറി വരെ ഇപ്രകാരം സഞ്ചാരികൾക്കായി അനുവദിക്കാവുന്നതാണ്. ഇംഗ്ലീഷ് ഭാഷ സംസാരിക്കാൻ അറിയാവുന്ന ഒരു വ്യക്തി സേവനങ്ങൾക്കായി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആധുനിക സൗകര്യങ്ങളോട്ടുകൂടിയ അടുക്കളയും ഒരു പാചകക്കാരനും ഇത്തരം വില്ലകളിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.<br><br>**<u>ഫാം ടൂറിസം</u>**<br><br>കേരളത്തിന്റെ കാർഷിക സംസ്കാരം വിദേശ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനും അതിലൂടെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും സഞ്ചാരികളെ ആകർഷിക്കുന്നതിനും വേണ്ടിയാണ് ഗ്രീൻ ഫാം ടൂറിസം എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കുറഞ്ഞത് 10 ഏക്കർ സ്ഥലമുള്ള വ്യക്തിക്ക് ഫാം ടൂറിസത്തിനും 50 ഏക്കർ സ്ഥലമുള്ളവർക്ക് പ്ലാന്റേഷനും അപേക്ഷിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത വ്യവസ്ഥകളിൽ പ്രായോഗികമല്ലാത്തവയും കാലാനുസൃതമല്ലാത്തവയും പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത വ്യവസ്ഥകളിൽ പ്രായോഗികമല്ലാത്തതും കാലാനുസൃതമല്ലാത്തവയും പരിഷ്കരിക്കാൻ വിനോദസഞ്ചാര വകുപ്പ് നടപടി എടുത്തു വരുന്നുണ്ട്. അതിന്റെ ഭാഗമായി ഹോംസ്റ്റേകൾക്ക് ക്ലാസിഫിക്കേഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് 2020-ൽ പുതുക്കിയ സർക്കാർ ഉത്തരവ് നിലവിൽ വന്നിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**